കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി3)1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - എടവിലങ്ങ് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-9 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)1645/2017 തീയ്യതി 29.11.2017

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.4.2016 മുതൽ 13.10.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ചേക്കുട്ടി.കെ.യു<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.10.2017 മുതൽ<br>25.10.2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി.ഷീന.കെ.ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി .സുമിത.ടി.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ജോയ്സൺ.കെ.ജെ | ഓഡിറ്റർ |

### നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ.ടി.എം.ഷാഫി | 1.4.2016 മുതൽ31.3.2017 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|
| വി.എം.സഹീർ | 1.4.2016 മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ഫാൻസി പരമേശ്വരൻ | 01.04.2016 മുതൽ 31.03.2017 വരെ. |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീദേവി.എ.ആർ. | 01.04.2016 മുതൽ 31.03.2017 വരെ. |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.ബിനു.കെ.ബി. | 01.04.2016 മുതൽ 21.12.2016 FN വരെ. |
| | ഡോ.അജയ് മുകുന്ദ്.പി. | 21.12.2016 AN മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.താഹിറ.പി.എ. | 01.04.2016 മുതൽ 31.03.2017 വരെ. |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ജെ.മഹാലിങ്കേശ്വര ഭട്ട് | 01.04.2016 മുതൽ 31.03.2017 വരെ. |
| വെറ്ററിനറി സർജൻ | ഡോ.ലക്ഷ്മിദേവി. | 01.04.2016 മുതൽ 31.03.2017 വരെ. |
| പ്രധാനാധ്യാപിക, ജി.എഫ്.എൽ.പി.എസ്. | ചാന്ദ്നി.എ.ബി. | 01.04.2016 മുതൽ 31.03.2017 വരെ. |
| വി.ഇ.ഒ. കാര സർക്കിൾ | സഹല.സി.എ. | 01.04.2016 മുതൽ |

| | | |
|---|---|---|
| | | 31.03.2017 വരെ. |
| വി.ഇ.ഒ. എടവിലങ്ങ് സർക്കിൾ | ഷജിത.കെ.ബി. | 01.04.2016 മുതൽ 31.03.2017വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | ദുർഗ്ഗാദേവി.കെ. | 01.04.2016 മുതൽ 31.03.2017 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സ്റ്റെല്ല.പി.എ. | 01.04.2016 മുതൽ 11.01.2016 FN വരെ |
| | ഡിനി വിൻസെന്റ് | 11.01.2016 AN മുതൽ 31.03.2017 വരെ. |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. | അൻസിൽ .പി.എം | 01.04.2016 മുതൽ 2.06.2016 FN വരെ. |
| | ഉണ്ണി.പി. | 2.06.16 AN മുതൽ 9.6.2016 വരെ. |
| | സുനിൽ കുമാർ.ടി.എസ് | 9.6.2016 മുതൽ 19.8.2016 FN വരെ |
| | ആശ മോൾ ആന്റണി | 19.8.2016 AN മുതൽ 31.3.2017 വരെ |


**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തനത് വരുമാനം. | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |

| | | |
|---|---|---|
| 9 | ക്ഷേമ പദ്ധതികൾ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| ഭാഗം 2 | | |
| 12 | ഇടപാടുകൾ ഇല്ലാത്ത അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. | 2-1 |
| 13 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | ക്ലോസ് ചെയ്ത അക്കൌണ്ടിൽ പലിശ ക്രെഡിറ്റ് ചെയ്തു. | 2-3 |
| 15 | ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2-4 |
| 16 | സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി ഇവയുമായി ബന്ധപ്പെട്ട അപാകതകൾ | 2-5 |
| 17 | ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റോഫീസിൽ നിന്നും വർഷങ്ങളായി വാടക ഈടാക്കുന്നില്ല | 2-6 |
| 18 | ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നില്ല | 2-7 |
| 19 | ഇ-ടെണ്ടർ -ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 2-8 |
| 20 | പാഴ് മരങ്ങളുടെ ലേലം നടത്തിയതിൽ അവ്യക്തത | 2-9 |
| 21 | സ്ട്രീറ്റ് ലൈറ്റ് ആക്രി സാധനങ്ങളുടെ ലേലം നടത്തിയപ്പോൾ വാറ്റ് കുറവായി ഈടാക്കി | 2-10 |
| ഭാഗം 3 | | |
| 22 | അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല. | 3.1 |
| 23 | ഇഎംഎസ് ലോൺ അധികം അടവാക്കിയ പലിശ തിരികെ ലഭിച്ചത് നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. | 3.2 |
| 24 | RSBY ഹോണറേറിയം നൽകുവാനായി ലഭിച്ച തുക വിനിയോഗിച്ചിട്ടില്ല. | 3.3 |
| 25 | ജനറേറ്റർ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല. | 3.4 |
| 26 | സർക്കാർ അംഗീകാരമില്ലാതെ പി.എച്ച്.സി യിൽ കാഷ്വൽ സ്വീപ്പറെ നിയമിച്ചു. | 3.5 |
| 27 | സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് -ആദായ നികുതി ഈടാക്കിയിട്ടില്ല. | 3.6 |
| 28 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല. | 3.7 |

| | | |
|---|---|---|
| 29 | വിനിയോഗ സാക്ഷ്യപത്രം ഇല്ല തുക തടസ്സപ്പെടുത്തുന്നു. | 3.8 |
| 30 | ആയുർവേദ മരുന്ന് വാങ്ങൽ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല. | 3.9 |
| 31 | കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 3.10 |
| 32 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3.11 |
| 33 | അച്ചടി ജോലികൾ -കരാറുകാരൻ ആദായനികുതി അടവാക്കുന്നില്ല. | 3.12 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 39 | ഓഡിറ്റ് റിക്കവറി | 4.6 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.8 |
| 42 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ റിവൈസ്ഡ് ബഡ്ജറ്റ് 29.2.2017 ലെ 1(b) തീരുമാന പ്രകാരം അംഗീകരിച്ചു. ആയതു പ്രകാരം പ്രതീക്ഷിത വരവ് 78571768 രൂപയും ചെലവ് 77752050 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 28.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

1.നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.

2.സഞ്ചയ മാപ്പിങ്ങ് പൂർത്തീകരിച്ചിട്ടില്ല.
3.ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 ൽ പ്രസ്തുത തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.
4.ഷെഡ്യൂൾ ബി4 ജില്ലാ പഞ്ചായത്ത്,ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ ബാലൻസ് കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.
5.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി11 എയിൽ Capital Work In Progress 566303/-രൂ ഉണ്ട്.എന്നാൽ അസി എൻജിനീയറുടെ ഓഫീസിൽ നിന്ന് നൽകിയ പാർട്ട് ബിൽ തുകകളുമായി (941136 രൂപ)പ്രസ്തുത തുക പൊരുത്തപ്പെടുന്നില്ല.
6.സ്ട്രീറ്റ് ലൈറ്റ് സ്ക്രാപ്പ് ലേലത്തുക 4800/-രൂ ആണ് .എന്നാൽ 3800/-രൂ ആണ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ്& പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8598823.72 |
| വരവ് | 31203652 |
| ആകെ | 39802475.72 |
| ചെലവ് | 29769406.00 |
| നീക്കിയിരിപ്പ് | 10033069.72 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 9390129 | 8333999 | 1056130 | 88.75 |
| എസ്.സി.പി | 2422575 | 1639753 | 782822 | 67.69 |
| ടി.എസ്.പി | 13446 | | 13446 | 0 |
| 13ാം ധനകാര്യ കമ്മീഷൻ | 5266499 | 1636417 | 3630082 | 31.07 |
| ലോകബാങ്ക് ധനസഹായം | 2892758 | 632701 | 2260057 | 21.87 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 2986419 | 1951480 | 1034949 | 65.35 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 3127391 | 117914 | 3009477 | 3.77 |

## 1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തികരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 101 | 26978738 | 69 | 14312264 | 11 | 21 | 68.30 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ ഇല്ല.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.13 ശതമാനം വർദ്ധനവ് ഉണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1939998 | 2130873 | (+)190875 | 9.84 |
| നികുതിയേതര വരവുകൾ | 1412751 | 1418646 | (+)5895 | 0.41 |
| മറ്റു വരവുകൾ | 5959839 | 5961718 | (+)1879 | 0.03 |
| ആകെ | 9312588 | 9511257 | 198649 | 2.13 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ആക്ടിലെ 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 തീയതിയിൽ 3.30 പി.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6325/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി ഒത്തുനോക്കി ബോധ്യപ്പെട്ടു.

## 1-9-ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 139440 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 1945640 | 193 |

| | | |
|---|---|---|
| വിധവ പെൻഷൻ | 10276150 | 938 |
| വാർദ്ധക്യകാല പെൻഷൻ | 11568875 | 1165 |
| വികലാംഗ പെൻഷൻ | 2608105 | 275 |
| അവിവാഹിത സ്ത്രീ പെൻഷൻ | 516000 | 49 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 300000 | 10 |

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 15.09.2017 | ആഗസ്റ്റ് 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 7.7.2004-21.7.2004 | 97-98 മുതൽ 2003-04 വരെ | 30.09.2004 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന അക്കൗണ്ടുകൾ നിലവിൽ ഇടപാടുകൾ നടക്കാത്തവയാണ്. ആയതിനാൽ പ്രസ്തുത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ | ബാങ്ക് | 31.3.2017 ലെ |
|---|---|---|

| നം. | | നീക്കിയിരിപ്പ് |
|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ-10707032458 | 175453 |
| 2 | SBT MN അക്കൗണ്ട് നമ്പർ-67104680865 | 33171 |
| 3 | കോ ഓപ്പറേറ്റീവ് സ്വാഭിമാൻ-അക്കൗണ്ട് നമ്പർ-35 A | 4750 |
| 4 | TP അക്കൗണ്ട് നമ്പർ- | 22014 |

## 2-2 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വർക്കുകളുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-3 ക്ലോസ് ചെയ്ത അക്കൗണ്ടിൽ പലിശ ക്രെഡിറ്റ് ചെയ്തു.

SBT Old Age അക്കൗണ്ട് (നമ്പർ-5701110709)ഇടപാടുകൾ ഇല്ലാത്തതിനാൽ 30.11.2015 ൽ ക്ലോസ് ചെയ്തിട്ടുള്ളതാണ്. ബാലൻസ് തുക 34013 രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണ്. 2015-16 ലെ വാർഷികകണക്കിന്റെ രസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട് ഷെഡ്യൂൾ 40 b യിൽ ക്ലോസിങ്ങ് ബാലൻസ് 0 ആണ്. എന്നാൽ 2016-17 ലെ വാർഷികകണക്കിന്റെ രസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട് ഷെഡ്യൂൾ 40 b യിൽ ക്ലോസിങ്ങ് ബാലൻസ് 15 രൂ ആണ്. പ്രസ്തുത തുക പലിശ ഇനത്തിൽ ക്രെഡിറ്റ് വന്നതാണെന്നാണ് ലഭ്യമായ വിശദീകരണം. പ്രസ്തുത അക്കൗണ്ടിലെ ബാലൻസ് തുക സർക്കാരിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്

| ലൈസൻസ് നം | സ്ഥാപനത്തിന്റെ ഉടമസ്ഥന്റെ പേര് | വൈദ്യുത ഉപകരണം | തരം |
|---|---|---|---|
| 6/16-17 | അരവിന്ദാക്ഷൻ പി.ആർ പുത്തൻകാട്ടിൽ ഹൗസ് | 60 എച്ച്.പി | ഐസ് ഉല്പാദനം |

| | | | |
|---|---|---|---|
| | കോതപ്പറമ്പ് | | |
| 19/16-17 | സാജൻ കെ<br>കണക്കാശ്ശേരി ഹൗസ്<br>എടവിലങ്ങ് | 8.5 എച്ച്.പി | സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ് |
| 51/16-17 | എ.ആർ സുബ്രമണ്യൻ<br>അലിപറമ്പിൽ വീട് | 10 എച്ച്.പി | ഗ്രാന്റ് വുഡൻ ഫർണീച്ചർ |
| 54/16-17 | സന്തോഷ് ,വടക്കേവീട്ടിൽ ഹൗസ് | 7 എച്ച്.പി | വുഡ് ഇൻഡസ്ട്രീസ് |
| 83/16-17 | ഡോ.വെങ്കിട കൃഷ്ണൻ | 10 എച്ച്.പി | അക്വടെക് |
| 69/16-17 | പ്രസന്നകുമാർ,ചാണാടിക്കൽ ഹൗസ് | 5 എച്ച്.പി | ബാറ്ററി നിർമ്മാണം |
| 110/16-17 | വി.എസ് സജീവൻ<br>വെള്ളാശ്ശേരി ഹൗസ് | 8.5 എച്ച്.പി | ഹാച്ചറി നടത്തുന്നതിന് |
| 124/16-17 | കെ.കെ വിനോദ് കുമാർ<br>കൈമപറമ്പിൽ ഹൗസ് | 11.5 എച്ച്.പി | വുഡ് ഇൻഡസ്ട്രീസ് |
| 185/16-17 | സി.കെ നൗഷാദ്<br>ചറ്റിങ്ങാട്ട് ഹൗസ് | 10.5 എച്ച്.പി | സി.കെ സൺസ് |

ആയതിനാൽ 5 എച്ച്.പി ക്ക് മുകളിലുള്ള വൈദ്യുതോപകരണം ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം അപേക്ഷയോടോപ്പം വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി ഇവയുമായി ബന്ധപ്പെട്ട അപാകതകൾ

1.2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ മത്സ്യ ഭവൻ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മത്സ്യ ഫെഡ് ഉദ്യോഗസ്ഥർ, ഫിഷറീസ് ഉദ്യോഗസ്ഥർ ഇവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എറിയാട് ഗ്രാമപഞ്ചായത്തിലുള്ള ഫിഷറീസ് വകുപ്പിന്റെ കെട്ടിടത്തിലെ റിനോവേഷൻ ജോലികൾ കാരണം 2016-17 വർഷത്തിൽ ഫിഷറീസ് ഉദ്യോഗസ്ഥർ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ മത്സ്യ ഭവൻ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ആയതിനാൽ മത്സ്യ ഫെഡ് ഉദ്യോഗസ്ഥർ, ഫിഷറീസ് ഉദ്യോഗസ്ഥർ എന്നിവർ തൊഴിൽ നികുതി എറിയാട് ഗ്രാമപഞ്ചായത്തിലോ, എടവിലങ്ങ് ഗ്രാമപഞ്ചായത്തിലോ അടവാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (എൻക്വയറി 9, തീ. 25/10/2017) നൽകി. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

2.ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അക്കൗണ്ടന്റിൽ നിന്നും തൊഴിൽ കരം ഈടാക്കിയിട്ടുണ്ടോയെന്ന് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി 9,തീ. 25/10/2017) നൽകി. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല.

3.സ്ഥാപന തൊഴിൽ നികുതി,തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

1.മൈനാകം ഫിനാൻസ്

2.വിസ്ഡം അക്കാദമി

3.മീനാക്ഷി ഫിനാൻസ്

സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

1.മൈനാകം ഫിനാൻസ്

2.വിസ്ഡം അക്കാദമി

3.മീനാക്ഷി ഫിനാൻസ്
4.സുമംഗലി ഓഡിറ്റോറിയം

## 2-6 ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റോഫീസിൽ നിന്നും വർഷങ്ങളായി വാടക ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡ് കാരസെന്ററിൽ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റോഫീസിൽ നിന്നും വർഷങ്ങളായി വാടക ഈടാക്കാറില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി 11,തി 25/10/2017)നൽകി. എന്നാൽ മറുപടിയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് വാടക ഈടാക്കാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണെങ്കിൽ കമ്മിറ്റി തീരുമാനത്തിന്റെ നമ്പറും, പകർപ്പും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം വാടക നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നില്ല

2016-17 സാമ്പത്തിക വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച ബൈലോയില്ല. ആയതിനാൽ പരസ്യനികുതിയുടെ ബൈലോ അംഗീകാരം നേടുന്നതിനും പരസ്യനികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-8 ഇ-ടെണ്ടർ -ടെണ്ടർ ഫീ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷം എടവിലങ്ങ് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഇ-ടെണ്ടർ പ്രവർത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ 27,230/ രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-9 ഗ്രാമപഞ്ചായത്തിലെ പാഴ്മരങ്ങളുടെ ലേലം നടത്തിയതിൽ അവ്യക്തത

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.6.2016 -ാം തീയ്യതിയിലെ 3-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ ഹോമിയോ ആശുപത്രി കെട്ടിടം പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ 2 മഹാഗണി ,2 ആഞ്ഞിലി, 3 തെങ്ങ് എന്നിവ മുറിച്ചുമാറ്റുവാൻ തീരുമാനിച്ചു. ഓഡിറ്റ് ടീം 23/10/2017 -ാം തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയപ്പോൾ പുതിയ കെട്ടിടം പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തിട്ടുള്ളതായി കാണാൻ സാധിച്ചു. ഇതിൽ നിന്നും മേൽ പ്രസ്താവിച്ച മരങ്ങൾ മുറിച്ചു മാറ്റിയിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 2/9/2016 തീയ്യതിയിലെ നം:എസ്.എഫ് 2-2167/16-ാം നമ്പർ കത്ത് പ്രകാരം ആഞ്ഞിലിയുടെ വാല്യൂവേഷൻ 15,804/-രൂപ മാത്രമാണ് കാണുന്നത്. ഈ കത്തിൽ മരം മുറിക്കുന്നതിന് ആർ.ഡി.ഒ/എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് എന്നിവരിൽ നിന്നും അനുവാദം വാങ്ങണമെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ആർ.ഡി.ഒ/എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് എന്നിവരിൽ നിന്നും അനുവാദം വാങ്ങാതെയാണ് മരം മുറിച്ചു മാറ്റിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.7.2016 -ാം തീയ്യതിയിലെ 28-ാം നമ്പർ തീരുമാനപ്രകാരം പാഴ് മരങ്ങൾ വിദഗ്ധ പരിശോധനയിൽ അപകടകരമായ അവസ്ഥയിലായതുകൊണ്ടാണ് മുറിച്ചു മാറ്റിയതെന്ന് കാണുന്നു. മഹാഗണിയും, ആഞ്ഞിലിയും പാഴ് മരങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്താൻ സാധിക്കുമോ?. ആർ.ഡി.ഒ/എക്സിക്യൂട്ടിവ് മജിസ്ട്രേറ്റ് എന്നിവരിൽ നിന്നും അനുവാദം വാങ്ങാതെ മരം മുറിച്ചു മാറ്റിയതിന് മതിയായ കാരണം വ്യക്തമാക്കേണ്ടതാണ്.

മുറിച്ചു മാറ്റിയ മരങ്ങൾ (2 മഹാഗണി,2 ആഞ്ഞിലി) എന്നിവയുടെ വാല്യൂവേഷൻ എടുത്തിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറി (നം.9 തി.25.10.2017) നൽകിയപ്പോൾ കാതൽ ഉള്ളതും വാല്യുവബിൾ ആയതുമായ മരത്തിന് മാത്രമേ വാല്യൂവേഷൻ എടുത്തിട്ടുള്ളൂയെന്നും, കാതൽ ഇല്ലാത്തതും വാല്യുവബിൾ അല്ലാത്തതുമായ മരങ്ങളെ പാഴ് മരത്തിലുൾപ്പെടുത്തി ലേലം ചെയ്തു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ആഞ്ഞിലിയുടെ വാല്യൂവേഷനെടുത്ത കത്തിൽ (2/9/2016 തീയ്യതിയിലെ നം:എസ്.എഫ് 2-2167/16-ാം നമ്പർ കത്ത് ) മുറിച്ചുമാറ്റിയ 2 മഹാഗണിയും, ആഞ്ഞിലിയും കാതൽ ഇല്ലാത്തതും വാല്യുവബിൾ അല്ലാത്തതുമായ മരങ്ങളാണെന്ന് പറഞ്ഞിട്ടുള്ളതായി കാണാൻ സാധിച്ചില്ല. ആയതിനാൽ ഏതടിസ്ഥാനത്തിലാണ് പാഴ് മരത്തിലുൾപ്പെടുത്തി പ്രസ്തുത മരങ്ങൾ ലേലം ചെയ്തതെന്ന് വിശദമാക്കേണ്ടതാണ്.

17/9/2016 ൽ നടന്ന ലേലത്തിൽ പാഴ് മരങ്ങൾ 11,850/- രൂപക്ക് ലേലം ചെയ്തിട്ടുള്ളതായാണ് ലേല ഡയറിയിൽ സൂചിപ്പിച്ചിട്ടുള്ളത്. വാല്യൂവേഷനെടുത്തിട്ടുള്ള ആഞ്ഞിലി മരം ലേലം വിളിക്കാൻ ആരും തായ്യാറായിട്ടില്ലായെന്നാണ് ലേല ഡയറിയിൽ നിന്നും വ്യക്തമാകുന്നത്.

വാല്യൂവേഷനെടുത്തിട്ടുള്ള ആഞ്ഞിലി മരം ഗ്രാമപഞ്ചായത്തിന് പുറത്തുള്ള കാനയിൽ കൂട്ടിയിട്ടിട്ടുള്ളതായി സ്ഥലപരിശോധനയിൽ കാണാൻ സാധിച്ചു. മരങ്ങൾ പുനർ ലേലം ചെയ്യാൻ സാധിക്കാത്ത വിധം ശോചനീയമായ അവസ്ഥയിലാണ്.





ഗ്രാമപഞ്ചായത്തിന് പുറത്തുള്ള കാനയിൽ കൂട്ടിയിട്ടിട്ടുള്ള മരങ്ങൾ യഥാർത്ഥത്തിൽ മുറിച്ചുമാറ്റിയ ആഞ്ഞിലി മരത്തിന്റെതാണോയെന്ന് വ്യക്തമല്ല. ആയതിനാൽ ഈ കാര്യങ്ങളിലെല്ലാം വ്യക്തമായ അന്വേഷണം ആവശ്യമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 2-10 സ്ട്രീറ്റ് ലൈറ്റ് ആക്രി സാധനങ്ങളുടെ ലേലം നടത്തിയപ്പോൾ വാറ്റ് കുറവായി ഈടാക്കി

സ്ട്രീറ്റ് ലൈറ്റ് ആക്രി സാധനങ്ങളുടെ ലേലം നടത്തിയപ്പോൾ ലേലം വിളിച്ച തുകയായ 4800/-രൂപയ്ക്ക് ഈടാക്കേണ്ട വാറ്റ് ഈടാക്കിയിട്ടില്ല. ലേലം വിളിച്ച എം.വനരാജ്, പൊടിയൻ ബസാർ എന്നവരിൽ നിന്നും 3800/- രൂപയുടെ വാറ്റ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ 4800/-രൂപയ്ക്ക് ആനുപാതികമായ വാറ്റ് (5%) 240/- രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി18 പ്രകാരം താഴെ പറയുന്ന അഡ്വവാൻസുകൾ അഡ്ജസ്റ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/തീയതി | തുക | അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം | അഡ്വാൻസ് നൽകിയതിന്റെ ഉദ്ദേശ്യം |
|---|---|---|---|

| | | | |
|---|---|---|---|
| 21600108/6.5.2016 | 8800 | AE KSEBഎറിയാട് സെക്ഷൻ | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ് |
| 21600181/14.6.2016 | 2550 | AE KSEBഎറിയാട് സെക്ഷൻ | അംഗൻവാടി ഇലക്ട്രിക് കണക്ഷൻ |
| 21600208/27.6.2016 | 4300 | AE, KSEB,എറിയാട് സെക്ഷൻ | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്, |
| 41600114/16.3.2017 | 14350/- | AE, KSEB,എറിയാട് സെക്ഷൻ | സ്ട്രീറ്റ് മെയ്ൻ എക്സ്റ്റൻഷൻ, |
| ആകെ | 30000 | ബി18 ഷെഡ്യൂൾ 460500202 പ്രകാരം | - |
| 21600029/11.4.2016 | 17400 | തൊഴിലുറപ്പ് പദ്ധതി ശമ്പളം | - |
| 21600135/28.5.2016 | 2900 | പ്രേരക് ഹോണറേറിയം | - |
| 21600245/18.7.2016 | 5800 | ,, | - |
| ആകെ | 26100 | ബി18 ഷെഡ്യൂൾ 460509901പ്രകാരം | - |
| 21600204/23.6.2016 | 10000 | സ്ട്രീറ്റ് ലൈറ്റ് മെയ്ൻറനൻസ് ചാർജ്ജ് | - |
| 21600240/12.7.2016 | 51604 | പർചേയ്സ് യുപിഎസ് ബാറ്ററി | - |
| ആകെ | 61604 | ബി18 ഷെഡ്യൂൾ 460500501 പ്രകാരം | - |

## 3-2 ഇഎംഎസ് ലോൺ അധികം അടവാക്കിയ പലിശ തിരികെ ലഭിച്ചത് നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ജില്ലാ സഹകരണ ബാങ്കിന്റെ കത്ത് നമ്പർ-PL(3) 3197/2015-16/9.1.2015 പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്ത് ബാങ്കിന്റെ കോട്ടപ്പുറം ശാഖയിൽ നിന്ന് വായ്പ വിനിയോഗം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് ലഭിക്കേണ്ട പലിശ 628785/-രൂപ ആണ്.

എന്നാൽ സർക്കാരിൽ നിന്ന് അധികമായി ബാങ്കിന് ലഭിച്ച 163204 രൂപയും ബാങ്ക് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി (പലിശ ഇനത്തിൽ) തിരിച്ച നൽകുവാൻ ബാക്കിയുള്ള 127586 രൂപയും ബന്ധപ്പെട്ടവരുടെ കണക്കുകളിലേക്ക് വരവു വച്ച് നൽകുന്നതാണെന്ന് അറിയിച്ചു. 28.10.2015 ൽ സർക്കാരിന് നൽകേണ്ട തുക പഞ്ചായത്തിന്റെ ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ-10707032458 ലേക്ക് ക്രെഡിറ്റ് ചെയ്തു. 20.10.2015 ൽ ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി (പലിശ ഇനത്തിൽ) തിരിച്ച നൽകുവാൻ ബാക്കിയുള്ള 127586 രൂപ ബന്ധപ്പെട്ടവരുടെ കണക്കുകളിലേക്ക് വരവു വച്ചു നൽകുകയും ചെയ്തു. എന്നാൽ പഞ്ചായത്ത് നാളിതുവരെ പ്രസ്തുത തുക സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല. 31.3.2017 ലെ ക്ലോസിങ്ങ് ബാലൻസ് പ്രകാരം സർക്കാരിന് നൽകേണ്ട തുക 175453 രൂപ ആണ്. പ്രസ്തുത തുക സർക്കാരിലേക്ക് തിരികെ അടവാക്കുവാൻ നിർദ്ദേശത്തിനായി സെക്രട്ടറി (എ2-945/31.10.2015) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും നിർദ്ദേശമൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. തുക സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 RSBY ഹോണറേറിയം നൽകുവാനായി ലഭിച്ച തുക വിനിയോഗിച്ചിട്ടില്ല.

രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന ഹോണറേറിയം നൽകുവാനായി ലഭിച്ച 11266 രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ചെക്ക് നമ്പർ/തീയതി | തുക |
|---|---|
| 454641/5.11.2013 | 5776 |
| 884658/24.12.2014 | 5490 |
| ആകെ | 11266 |

പ്രസ്തുത തുക ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലഭ്യമായ സ്രോതസ്സിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 3-4 ജനറേറ്റർ ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

വൗച്ചർ നമ്പർ-21600270/22.7.2016 പ്രകാരം പഞ്ചായത്തിൽ ഉപയോഗിക്കുന്ന ജനറേറ്ററിന്റെ ഇന്ധനം വാങ്ങിയതിന് 688/-രൂപ ചെലവഴിച്ചിട്ടുണ്ട്. ജനറേറ്ററിന്റെ ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്ക് സൂക്ഷിക്കാത്തതിനാൽ ഇന്ധന ഉപയോഗം സംബന്ധിച്ച കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-5 സർക്കാർ അംഗീകാരമില്ലാതെ പിഎച്ച്സിയിൽ കാഷ്വൽ സ്വീപ്പറെ നിയമിച്ചു.

വൌച്ചർ നമ്പർ-21600182/20.6.2016 പ്രകാരം 9742/-രൂപ പി.എച്ച്.സി യിൽ നിയമിച്ച കാഷ്വൽ സ്വീപ്പറുടെ (ശിവൻ.സി.ആർ, ചെറുകൊക്കുവായിൽ വീട്, എടവിലങ്ങ് ) വേതനമിനത്തിൽ നൽകിയിട്ടുണ്ട്. പ്രസ്തുത ഫയലിൽ സെക്രട്ടറി ടിയാനെ 179 ദിവസത്തേക്ക് നിയമിക്കാം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റിയാണ് ടിയാന്റെ അമ്മ മരണപ്പെട്ട ഒഴിവിൽ ടിയാനെ കാഷ്വൽ സ്വീപ്പറായി നിയമിച്ചത്. ജി.ഒ(പി) നം.412/2011/ഫിൻ /30.9.2011 , ജി.ഒ(പി) നം.28/2016/ഫിൻ /26.2.2016 ലെ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി കൂടാതെ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുവാൻ പാടില്ല. കാലതാമസം വരുന്ന കേസുകളിൽ 2 മാസത്തേക്ക് കുടുംബശ്രീയിൽ നിന്ന് ആളെ നിയമിക്കാവുന്നതാണ് ( ജി.ഒ(പി) നം.412/2011/ഫിൻ /30.9.2011). എന്നാൽ ടിയാൻ നിലവിലും കാഷ്വൽ സ്വീപ്പറായി തുടരുകയാണ്. സർക്കാർ അനുമതി കൂടാതെ നിയമനം നടത്തിയത് അംഗീകരിക്കത്തക്കതല്ല. ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് ലൈറ്റ് മെയ്ന്റനൻസ് -ആദായ നികുതി ഈടാക്കിയിട്ടില്ല.

പദ്ധതി നമ്പർ-65/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ബിൽ നമ്പർ | തുക |
|---|---|
| 7/16-17/25.10.2017 | 33750/- |
| 14/16-17/31.12.2016 | 33750/- |
| 27/16-17/21.3.2017 | 32500 |
| 42/16-17/30.3.2017 | 225000 |
| വൌച്ചർ നമ്പർ-21600204/23.6.2016 | 10000 |
| ആകെ | 132500 |

സുകുമാരൻ, ആനമ്പലത്ത് വീട്ടിൽ എന്ന വ്യക്തിക്കാണ് കരാർ നൽകിയത്. ടി വ്യക്തിയിൽ നിന്ന് ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം 1% നികുതി ഈടാക്കേണ്ടതാണ്. പാൻകാർഡ് ഇല്ലാത്ത പക്ഷം ടിയാളിൽ നിന്ന് 20% നികുതി ഈടാക്കേണ്ടതാണ്.

## 3-7 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ ഹോമിയോ

പദ്ധതി നമ്പർ-16/17

ബിൽ നമ്പർ- 1/16-17/27.1.2017, തുക 125000/-രൂപ

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങലിനായി 125000/-രൂപ ഹോംകോക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ഹോംകോയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മെഡിക്കൽ ഓഫീസർ നമ്പർ-47/17-18/16.9.2017 ൽ ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 വിനിയോഗ സാക്ഷ്യപത്രം ഇല്ല തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല. ചെലവ് തുക (971538/-) തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി നമ്പർ | ബിൽ/ഡിഡി നമ്പർ | ചെലവ് തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 89/17 | 356843/13.12.2016 | 36633 | ചെയർമാൻ ഇൻഫർമേഷൻ കേരള മിഷൻ |
| 2. | 68/17 | 356841/13.12.2016 | 220000 | സെക്രട്ടറി ,മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 3 | 84/17 | 356840/13.12.2016 | 200000 | സെക്രട്ടറി ,മതിലകം ബ്ലോക്ക് പഞ്ചായത്ത് |
| 4. | 90/17 | 23/16-17/1.2.2017- | 418350 | അസി എൻജിനീയർ, ഇലക്ട്രിക് സെക്ഷൻ എറിയാട് |
| | | 29/16-17/21.3.2017 | 96555 | |
| | | ആകെ | 971538 | |

## 3-9 ആയുർവേദ മരുന്ന് വാങ്ങൽ മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണോദ്യോഗസ്ഥനായ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ, ബിൽ നം.39/2016-17, dt.9/2/17 പ്രകാരം 250000/ രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ, 223425/ രൂപയ്ക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 26575/- രൂപയ്ക്കുള്ള മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-10 കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾക്കായി , മരുന്നുകൾ വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസ് കോർപറേഷന് തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | ബിൽ നം, തിയതി | തുക |
|---|---|---|---|
| 13/17 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 07/16-17 dt.14/3/17<br>cheque no.2325302<br>dt.27/3/17 | 100000<br>62000 (ബ്ലോക്ക് വിഹിതം) |
| 22/17 | അലോപ്പതി മരുന്ന് വാങ്ങൽ | 8/16-17. dt.14/3/17 | 100000 |
| ആകെ | | | 262000 |

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. ചെലവ് തുക 262000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വെറ്ററിനറി സർജൻ നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| പദ്ധതി നം | പദ്ധതിയുടെ പേര് | ബിൽ നം. തിയതി | തുക | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 62/17 | പ്രത്യേക കന്നുകുട്ടി പരിപാലനം | LSG III-3/16-17,dt.22/3/17 | 312500 | SLBP ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ |
| 73/17 | എ.ബി.സി.പ്രോഗ്രാം | LSG IV-4/16-17, dt.22/3/17 | 75000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് |
| ആകെ | | | 387500 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവ് തുക 387500/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 അച്ചടി ജോലികൾ -കരാറുകാരൻ ആദായനികുതി അടവാക്കുന്നില്ല.

എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തികവർഷം അച്ചടി ജോലികൾ കരാർ എടുത്ത സ്റ്റാർ ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനം ആദായനികുതി അടച്ചതായി കാണുന്നില്ല. സ്ഥാപനത്തിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

വൗച്ചർ നം./തിയതി തുക

21600388/6/9/2016 തുക 11625

21600521/4/11/2016 തുക 8910

21600552/21/11/2016 തുക 40225

21600702/24/1/2017 തുക 16800

21600852/18/3/2017 തുക13400

കരാറുകാരന് മൊത്തം നൽകിയ തുക കണക്കാക്കി, കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ആദായനികുതി ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |
| ,, | ,, | 45000 | മത്സ്യത്തൊഴിലാളികൾക്ക് വഞ്ചി | 0 | 45000 |
| ,, | ,, | 51000 | മത്സ്യത്തൊഴിലാളികൾക്ക് വല | 51000 | 0 |
| ,, | ,, | 200000 | ക്ഷീരകർഷകർക്ക്സബ്സിഡി | 200000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | 514905 | 0 | 514905 |

| | | | | |
|---|---|---|---|---|
| | വലിക്കൽ | | | |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5.സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6.ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വർഷം ലഭിച്ച 720 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14&2014-15 | - | 720 | വിശ്വനാഥൻ അരിയലി | 11608100628/ 15.06.2016 |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31203652 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29769406 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1746038 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 125000 | ഡോ.താഹിറ പി.എ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-8 | 971538 | വി.എം.സഹീർ,സെക്രട്ടറി |
| 3-10 | 262000 | ഡോ.അജയ് മുകുന്ദ്.പി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-11 | 387500 | ഡോ.ലക്ഷ്മി ദേവി ,വെറ്ററിനറി സർജൻ |
| ആകെ | 1746038 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-10 | 240 | വി.എം.സഹീർ,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8-തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 83-84 | എൽ.എഫ്.ടി.എസ്2-<br>1131/2011 /1.2.12 |
| 84-85 | |
| 86-87,87-88 | |
| 90-91 | |
| 91-92 | |
| 92-93,93-94 | |
| 94-95 | |
| 97-98 | എൽ.എഫ്.ടി.12-1447-98/14.5.99 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-210-2000/15.5.2000 |
| 98-99(വരവ്) | എൽ.എഫ്.ടി.12-170/01/6.4.01 |
| 99-00 | എൽ.എഫ്.ടി.12/296/01/2.6.01 |

| | |
|---|---|
| 00-01 | എൽ.എഫ്.ടി.16/22/03/27.02.03 |
| 01-02 | എൽ.എഫ്.ടി.16/1542/03 |
| 02-03,03-04 | എൽ.എഫ്.ടി.16/1820/04/09.02.05 |
| 04-05 | എൽ.എഫ്.ടി.16/311/07/7.3.07/ 5.5.07 |
| 05-06 | എൽ.എഫ്.ടി.16-797/09/22.09.10 |
| 06-07 | എൽ.എഫ്.ടി.16-810/09/22.09.10 |
| 07-08 | എൽ.എഫ്.ടി.പി.(3)1859/10/ 21.11.11 |
| 08-09 | എൽ.എഫ്.ടി.പി.(3)860/12/2.11.12 |
| 09-10 | എൽ.എഫ്.ടി.പി.(3)861/12/2.11.12 |
| 10-11 | എൽ.എഫ്.ടി.പി.862/12/2.11.12 |
| 12-13 | എൽ.എഫ്.ടി.പി.3-1026/14/ 11.12.2014/11.3.2015 |
| 13-14& 14-15 | കെ.എസ്എ.ടി.എസ്.ആർ. (പി3)353/16/ 30.03.16 |
| 15-16 | കെ.എസ്എ.ടി.എസ്.ആർ. (പി3)1909/2016 തീ. 19.11.16 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എടി.എസ്.ആർ(പി3)1645/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി: 29.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച

ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.

No. KSA-TSR(P3)1645/2017

Kerala State Audit Department

District Audit Office,
Thrissur- 680 020
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated: 29.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Fianacial Statement of Edavilangu Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Edavilangu Gramapanchayath for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.